പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 2831

12.10.2011-ൽ മറുപടിയ്ക്ക്

ഡ്രൈവർ തസ്തികയിൽ നിയമിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ..കെ.കെ.ജയചന്ദ്രൻ | ശ്രീ. കെ.സി.ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരിക കാര്യവും വകുപ്പു മന്ത്രി) |
| (എ) ഗ്രാമവികസന വകുപ്പ് ഡ്രൈവർ ഗ്രേഡ് 2 (വിവിധം) എന്ന തസ്തികയിലേക്ക് ശ്രീ.മനേഷ് ശിവരാമൻനായർ എന്ന ഉദ്യോഗാർത്ഥിയെ ഇടുക്കി ജില്ലാ പി.എസ്.സി.ശുപാർശ ചെയ്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) പ്രസ്തുത വ്യക്തിയെ പി.എസ്.സി. ശുപാർശ ചെയ്തത് എന്നാണ് എന്ന് വ്യക്തമാക്കാമോ; ഇപ്രകാരം നിയമന ശുപാർശ ലഭിച്ചാൽ എത്ര ദിവസത്തിനുള്ളിൽ നിയമനം നൽകണമെന്നാണ് നിലവിലുള്ള വ്യവസ്ഥ എന്ന് അറിയിക്കുമോ; | (ബി) 14.06.2011ൽ നിയമന ശുപാർശ ലഭിച്ചുവെങ്കിലും ശുപാർശയിൽ പി.എസ്.സി.യിൽ നിന്നും സംഭവിച്ച ഇരട്ടിപ്പ് മൂലം ആയത് തിരിച്ചു നൽകുകയും പി.എസ്.സി.യുടെ പുതുക്കിയ നിയമന ശുപാർശ 07.10.2011ൽ ലഭിക്കുകയും ചെയ്തിട്ടുണ്ട്. ശുപാർശ ലഭിച്ച് 3 മാസത്തിനകം നിയമനം നൽകണമെന്നതാണ് വ്യവസ്ഥ. |
| (സി) ഉദ്യോഗാർത്ഥിയെ ഗ്രാമവികസന വകുപ്പിൽ ഡ്രൈവർ ആയി നിയമിച്ചിട്ടുണ്ടോ; ഇല്ല എങ്കിൽ കാരണം വിശദമാക്കുമോ; | (സി) ഇടുക്കി അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ)ന്റെ 07.10.2011ലെ ഡി2-1181/2010 നമ്പർ ഉത്തരവ് പ്രകാരം ഉദ്യോഗാർത്ഥിക്ക് ഗ്രാമവികസന വകുപ്പിൽ ഡ്രൈവറായി നിയമന ഉത്തരവ് നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത ഉദ്യോഗാർത്ഥിയെ ജോലിയിൽ പ്രവേശിപ്പിക്കുന്ന കാര്യം അടിയന്തിരമായി പരിഗണിക്കുമോ; പ്രസ്തുത വിഷയത്തിൽ ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ? | (ഡി) | ഉദ്യോഗാർത്ഥിയെ ജോലിയിൽ പ്രവേശിപ്പിക്കുന്നതിന് 07.10.2011ൽ ഉത്തരവ് നൽകിയിട്ടുണ്ട്. നിയമനത്തിനായി ലഭിച്ച ശുപാർശയിലെ അപാകത പി.എസ്.സി.യെ അറിയിക്കുകയും പി.എസ്.സി. ആദ്യ ശുപാർശ റദ്ദാക്കി പുതിയ ശുപാർശ അയയ്ക്കുകയും ആയത് ഗ്രാമവികസന വകുപ്പിൽ ലഭിച്ച 07.10.2011ൽ തന്നെ ഉദ്യോഗാർത്ഥിക്ക് നിയമന ഉത്തരവ് അയയ്ക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ